ചന്ദ്രിക ആഴ്ചപ്പതിപ്പ്

പുസ്തകം 10 | 1379 മുഹറം 11 1959 ജൂലായി 18-ാംനു- ശനിയാഴ്ച | ലക്കം 3

മുഹർറം

സയ്യിദ് അബ്ദുർറഹ്മാൻതങ്ങൾ, അൽഅസ്ഹർ, കൈറോ

പുതുവർഷാരംഭം പ്രത്യേകദിനമായി ആചരിക്കുന്നസമ്പ്രദായം മററുസമുദായങ്ങളിലുള്ളപോലെ, കാലക്രമേണ മുസ്ലിമീങ്ങളിലും കടന്നുകൂടിയിരിക്കയാണ്. ഇസ്ലാമികനിയമങ്ങളുമായി ഇതിന്നുവലിയ ബന്ധമില്ലങ്കിലും നിരവധിസംഗതികൾ പ്രാദേശികചടങ്ങുകളായി മുസ്ലിംകൾ സ്വീകരിച്ചുപോരുന്നപോലെ അറബികൊല്ലാരംഭമായ മുഹർറം ഒന്നു പ്രത്യേകചടങ്ങുകളോടെ ചിലമുസ്ലിംരാജ്യങ്ങളിൽ ആചരിച്ചുവരുന്നു.

ഹിജറാചരിത്രവും പ്രാചീനമുസ്ലിമീങ്ങൾ ഇസ്ലാമിന്നുവേണ്ടിചെയ്തസേവനങ്ങളും പ്രകീർത്തിച്ച യോഗങ്ങൾകൂടുന്നു. ഈ സമ്പ്രദായം മുസ്ലിം യുവാക്കളിൽ നവചൈതന്യവും ഇസ്ലാമികബോധവും ഉളവാക്കുകയും സമുദായസേവനങ്ങൾക്കും സഹനശക്തികൾക്കും പ്രചോദനം നൽകുകയുംചെയ്യുന്നത്കൊണ്ട് സദാചാരമായി ഗണിക്കുന്നവരുണ്ട്.

ഇസ്ലാമിന്നുമുമ്പ് അറബികളിൽ ഉണ്ടായിരുന്ന കൊല്ലങ്ങൾ

അറബികളിൽ പഴയകാലംമുതൽക്കുതന്നെ പുണ്യകർമ്മമായി ആചരിച്ചുവന്നിരുന്ന പരിശുദ്ധ ഹജ്ജ്കഴിഞ്ഞആദ്യത്തെമാസം മുഹർറമാസം, പുതുവർഷാരംഭമായി കണക്കാക്കിയിരുന്നു. കൊല്ലം പന്ത്രണ്ടുമാസങ്ങളായി വിഭജിക്കുകയും ഓരോമാസവും ചന്ദ്രപ്പിറവി അനുസരിച്ചും കണക്കാക്കിയുംപോന്നിരുന്നു. പക്ഷെ, ഒന്നാംവർഷം കണക്കാക്കുന്നതിന്നു ഏകീകൃതമായി അവക്കൊരു നിയമമുണ്ടായിരുന്നില്ല.

ഹസ്രത്ത് ഇബ്രാഹിമും (അ)ഹസ്രത്ത്ഇസ്മാഈലും(അ)കഅബാലയംപണിതീർത്തകാലത്തെ ഒന്നാംവർഷമായി എണ്ണിപ്പോന്നിരുന്നു. അതും സ്ഥിരമായിരുന്നില്ല. ഇറാഖ്, യെമൻ മുതലായരാജ്യങ്ങളിലേക്ക് മക്കാശരീഫിൽനിന്നു കുടിയേറിപ്പാർത്തവർ മക്കാശരീഫിൽനിന്നു പ്രയാണംചെയ്തനാൾ ഒന്നാംകൊല്ലമായി ഗണിച്ചുപോരുകയും മക്കാശരീഫിൽ സ്ഥിരമായ[illegible]ർ ചില പ്രത്യേകസംഭവങ്ങളും സംഗതികളും ഉണ്ടാകുന്നത് കണക്കാക്കി വർഷാരംഭം എ[illegible]ണ്ണിപ്പോരുകയും ചെയ്തു.

അറബികളുടെ നേതാവും പ്രതാപ[illegible]ലിയുമായിരുന്ന, കഅബ്ബിനുലുഅയ്യിന്റെ[illegible] [illegible]ന്റെ എ[illegible] പി[illegible] [illegible]ത്തേയും, അബ്സീനിയായുടെയും യെമന്റെയും രാജാവായിരുന്ന അബ്റഹത്തുൽഅശ്റം കഅബാലയം പൊളിക്കാൻവന്നു പരാജയപ്പെട്ട കാലത്തേയും വർഷാരംഭമായി എണ്ണിയിരുന്നു. അബ്റഹത്തും സൈന്യവും ആനകളിൽ സവാരിചെയ്തിരുന്നതുകൊണ്ടു ഇതിന്നു ആനക്കലഹവർഷം (ആമൽഫീൽ) എന്നു പറയപ്പെടുന്നു.

ഇങ്ങിനെ ഓരോ[illegible]സംഭവവും ഉണ്ടാകുമ്പോൾ ആദ്യ[illegible]പ്പോന്നിരുന്ന കൊല്ലക്കണക്കു ഒഴ[illegible] സംഭവങ്ങളുടെ സ്മരണക്[illegible]കണക്കാക്കും. അതുതന്നെ ഓ[illegible]ല അവരിൽ സംഭവിക്കുന്ന സംഗതികളെ നിർണ്ണയിച്ചായിരിക്കും കണക്കാക്കുക. ഹിംയർ-കഹലാൻ ഗോത്രങ്ങൾ അവരിൽ സംഭവിച്ച ജലപ്രവാഹത്തെ കൊല്ലാരംഭമായി കണക്കാക്കുമ്പോൾ, ഇയാദുവർഗ്ഗക്കാർ പേർഷ്യക്കാരുമായി നടന്ന യുദ്ധം വർഷാരംഭമായി കണക്കാക്കുന്നു. ഔസ്-ഖസറജുകൾ അവരിൽ അധികകാലം നീണ്ടുനിന്ന ഒരു കലഹത്തിന്റെ ആരംഭത്തെ കണക്കാക്കുന്നു. ആകയാൽ സ്ഥിരവും ഏകീകൃതവുമായകൊല്ലക്കണക്ക് അവക്കുണ്ടായിരുന്നില്ല.

ഇസ്ലാമിന്റെ ആദ്യകാലത്ത്

ഇസ്ലാമിന്റെ ആരംഭകാലത്ത് അറബികൾ മൂന്നു വിധത്തിലുള്ള കൊല്ലങ്ങളായിരുന്നു കണക്കാക്കിപ്പോന്നിരുന്നത്. ഹിശാമുബ്നി മുഗൈറത്തുൽമക്സൂമിയുടെ മരണകാലം, ആനക്കലഹവർഷം, ഹർബുൽഹിജ്ജാർ എന്ന യുദ്ധം നടന്ന കൊല്ലം (ഖുറൈശികളും ഹവാസിൻവർഗ്ഗക്കാരും തമ്മിൽ ഉണ്ടായത്). മുസ്ലീ[illegible]ങ്ങൾ അബ്സീനിയയിലേക്കുള്ള പാലായ[illegible]നമായും ബദർ, ഉഹദ് എന്നീ യുദ്ധങ്ങ[illegible]ണക്കാക്കി കൊല്ലങ്ങൾ എണ്ണിയിരുന്ന[illegible] നില ഹ: ഉമറി (റ)ന്റെ ഖിലാഫത്ത്വരെ തുടർന്നുപോന്നിരുന്നു. ഹസ്രത്ത് ഉമ[illegible]ന്റെ കാലത്ത് മുസ്ലിംഭരണസ്ഥലങ്ങൾ വർദ്ധിക്കയും വികസിക്കയും ചെയ്തതോടെ ഓരോ നാട്ടിന്റെയും നിലഅനുസരിച്ച ചില ഭരണസൌകര്യങ്ങൾ ചെയ്യേണ്ടതായിവന്നു. അങ്ങിനെയാണത്രെ സംസ്ഥാനങ്ങളും ജില്ലകളുമായി രാജ്യങ്ങളെ ഭാഗിച്ചതും നാഴികക്കല്ലുകളും പോസ്റ്റൽസമ്പ്രദായങ്ങളും ഏർപ്പെടുത്തിയതും ഓരോ പന്ത്രണ്ടു നാഴികയിലും തപ്പാൽമാററം ചെയ്യുവാൻ കുതിരസ്സവാരിക്കാരെ നിശ്ചയിച്ചിരുന്നതും.

ഹിജ്റാവർഷ നിയമനം

വർഷാരംഭത്തിന്നു ഒരു നിർണ്ണായകമായനിയമം ഇല്ലാത്തതുകൊണ്ടുള്ള വിഷമങ്ങൾ ചില സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ ഖലീഫയെ അറിയിച്ചുകൊണ്ടിരുന്നു. അബൂമൂസൽഅശ്അരീ എഴുതുന്നു: ഖലീഫയിൽനിന്നു ചില ആജ്ഞകൾ വരുന്നു. പിന്നീടതിന്നു ചില മാററങ്ങൾ വരുത്തിയതായും വിവരംഅറിയിക്കുന്നു. ചിലപ്പോൾ ഇങ്ങിനെയുള്ള ആജ്ഞകളിൽ ആദ്യത്തേതേതാണെന്നും രണ്ടാമത്തേത് ഇന്നതാണെന്നും തിരിച്ചറിയാൻ പ്രയാസമായിട്ടാണ് വന്നിരുന്നത്. ശഅബാനിൽ ഒരു സംഗതി ചെയ്യണമെന്നാജ്ഞാപിക്കുന്നല്ലോ അത് ഏതു കൊല്ലംമുതൽക്കുള്ള ശഅബാനാണെന്ന് മനസ്സിലാകുന്നില്ല. ഈ കൊല്ലം മുതൽക്കോ മറേറതെങ്കിലും കൊല്ലംമുതൽക്കോ? ആകയാൽ മുസ്ലിംകൾക്കായി ഏകീകരിച്ച ഒരു കൊല്ലക്കണക്ക് അത്യന്താപേക്ഷിതമാണെന്നു ഉമർ (റ) മനസ്സിലാക്കുകയും സംഗതിയുടെ ഗൌരവത്തേയും ഭാവിയേയുംകരുതി സഹാബികളിൽ പ്രധാനികളെ വിളിച്ചുകൂട്ടി ആലോചന ചെയ്യുകയും ചെയ്തു. സദസ്സിൽ ഉണ്ടായിരുന്ന ഹ: ഉമറിന്റെ കയ്യാൽ ഇസ്ലാം മതം സ്വീകരിച്ച അഹവാസിലെ രാജാവായിരുന്ന ഹുർമുസാൻ, മാഹറോസ് എന്നപേരിൽ അറിയപ്പെടുന്നതും പേർഷ്യയിലെ ആദ്യത്തെ കിസറാ ചക്രവർത്തിയുടെകാലത്തെ അനുസ്മരിച്ച പേർഷ്യക്കാർ കണക്കുകൂട്ടിവരുന്നതുമായകൊല്ലങ്ങളേയും മാസങ്ങളേയും ഖലീഫക്കു വിവരിച്ചുകൊടുത്തു. മററുചിലർ യഹൂദികൾ കണക്കാക്കിവരുന്ന വർഷങ്ങളെ വിശദീകരിച്ചു. പക്ഷെ ഉമർ (റ) ഈ കൊല്ലങ്ങളെ എല്ലാം ഉപേക്ഷിക്കയും ഇസ്ലാമിനെക്കുറിക്കുന്ന കൊല്ലാരംഭത്തെ ഇഷ്ടപ്പെടുകയുമാണ് ചെയ്തത്. അതുകൊണ്ട്, റസൂലിന്റെ ജനനത്തേക്കാളും മരണത്തേക്കാളും ഇസ്ലാമിന്നു ശക്തിയും വ്യാപ്തിയും ഉണ്ടാക്കിതീർത്ത റസൂലിന്റെ മക്കാശരീഫിൽനിന്നു മദീനമുനവ്വറയിലേക്കുള്ള ഹിജറായെ(പാലായനത്തെ)യാണ് കൊല്ലാരംഭത്തിന്നു അദ്ദേഹം ഇഷ്ടപ്പെട്ടത്. ഇതു് കുടുംബങ്ങളേയും സമ്പാദ്യങ്ങളേയും തൃണവൽഗണിച്ച ഇസ്ലാമിന്റെ രക്ഷക്കുവേണ്ടിമാത്രം അഭയസ്ഥാനത്തേക്കുപോയി രക്ഷപ്പെട്ട മുഹാജിറുകളുടെയും അവരെ സ്വസഹോദരനെ

(ശേഷം 6-ാംപേജിൽ)

മാപ്പിളപ്പാട്ട്

സഖിയുടെ ചോദ്യം!

കെ. കെ. രാഹുലൻ, ബി. എ.

പൂനിലാവിൽ പൂക്കളെന്തിനു് പുഞ്ചിരിക്കുണതോഴീ....
നീലവാനിൽ നീരദങ്ങൾ നീന്തുണെന്തിനു് തോഴീ....

അമ്പിളിമാമൻ ആമ്പലിൻമുണ്ടിൽ പുഞ്ചിരിതൂകുന്നതിനു് പുശ്ണം
പൈമ്പകപ്പൂവിൻ പൂങ്കവിളെന്തിനു് തെന്നിയിൽ ചായംപൂശ്ണം....
മിന്നണിഞ്ഞ മാമല പൊന്നണിഞ്ഞെന്തിനു് മന്ദഹസിക്കുണതോഴീ....
കൊന്നതൻപൂക്കൾ കുന്നിൻെറമേളിൽ ചാഞ്ചാടുന്നെന്തിനു് തോഴീ

പൂനിലാവിൽ പൂക്കളെന്തിനു് പുഞ്ചിരിക്കുണു തോഴീ....
നീലവാനിൽ നീരദങ്ങൾ നീന്തുണെന്തിനു് തോഴീ....

ഈ മലർതോപ്പിൽ പൂങ്കുയിലെന്തിനു് ഗീതകംപെയ്യുണു തോഴീ....
ഈ വനവാടിയിൽ മാലികയെന്തിനു് നർത്തനമാടുണു തോഴീ....
മാമകരാഗവിപഞ്ചിതൻ കമ്പിയിൽ ഗീതം പകരുവതാരോ....
തങ്കക്കിനാക്കളെ താലോലിക്കുന്നൊരു സങ്കല്പഗായകനാരോ....
താരകജാലങ്ങളെന്തിനു് നമ്മളെ മാടിവിളിക്കുന്നു തോഴീ....
വാർമഴവില്ലിൻെറ കാന്തിയിൽ മാരൻെറ പുഞ്ചിരിപോലെയ്ക്കുവതാരോ....

പൂനിലാവിൽ പൂക്കളെന്തിനു് പുഞ്ചിരിക്കുണു തോഴീ....
നീലവാനിൽ നീരദങ്ങൾ നീന്തുണെന്തിനു് തോഴീ....

സ്സിലാകും.

റ്റൊറാണ്ടുകൾക്കുമുമ്പു് മനുഷ്യരാശിയെ വിജ്ഞാനത്തിൻെറ മുന്തിരിച്ചാറുകൊണ്ടു് ഉ ദ്ദീപിപ്പിച്ചിരുന്ന മുസ്ലീംവനിതകളുടെ ജീവിത കഥ ഇന്നുവെറും കടങ്കഥകളല്ലെന്നു് വിശ്വ സിക്കുവാൻ കഴിവുള്ളവർ വളരെ ചുരുക്കമാ ണു്. സമുദായ മദ്ധ്യത്തിൽ പാണ്ഡിത്യംകൊ ണ്ടു് പാമരന്മാരെ വഴികാട്ടാൻപോന്ന ധീര യായ ഒരുവനിതയെ കാഴ്ചവെക്കുവാൻ കാല ഘട്ടങ്ങളുടെ എത്രയെത്ര കൽപ്പടവുകൾ കയ റിയിറങ്ങിയിട്ടും നമുക്കിപ്പോഴെങ്കിലും സാധ്യ മായിട്ടുണ്ടോ? നമ്മുടെ അമ്മമാരും പെങ്ങന്മാ രുമല്ലേ ഇന്നു മറേറതൊരു സമുദായത്തിലെയും സ്ത്രീകളെക്കാൾ മലീമസമായപരിതസ്ഥിതികൾ ൽ ജീവിക്കുന്നതു്. വിജ്ഞാനത്തിൻെറയും രാജ്യതന്ത്രജ്ഞതയുടേയും കഥകൾ നിൽക്കട്ടെ സ്വന്തം കുടുംബത്തെ വെട്ടപ്പും മിനയോടുംകൂടി പുലർത്തുവാനും, സ്വന്തംകുഞ്ഞുങ്ങളെ പൊ റിയും ചിരങ്ങുമില്ലാത്തവരായി വളർത്തുവാന മുള്ള ആരോഗ്യശാസ്ത്ര വിജ്ഞാനമെങ്കിലും ന മ്മുടെ സ്ത്രീകൾക്കുണ്ടോ?

പകർച്ചവ്യാധിയും അനാരോഗ്യവുംമൂലം എ ത്രയോപേർ അകാലചരമമടയുന്നുണ്ടു്. ഒരു സ്ഥിതിവിവരക്കണക്കെടുത്താൽ നമുക്കു് കാ ണാൻ സാധിക്കും മുസ്ലീംകൾ അധികം തീ ങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലായിരിക്കും ഇവയ ധികമെന്നു്. എന്താണു് ഇതിൻെറ കാരണ ങ്ങളെന്നും എങ്ങിനെ 'ഇദ്ദു' ഒരുവിധം കരിക്കാമെ ന്നും നാമെപ്പോഴെങ്കിലും കുട്ടായിരുന്നു് ചി ന്തിച്ചിട്ടുണ്ടോ?

മാതാവിൻെറ സംരക്ഷണയിൽ വളരുന്നവ രാണല്ലോ സമുദായത്തിലെ സന്താനങ്ങൾ. പു റമേ കുടുംബത്തിൻെറ ആരോഗ്യവും നിലനി ൽപും മാതാവിൻെറ മേൽ നോട്ടത്തിലും ഉത്ത രവാദിത്വത്തിലും നടത്തപ്പെടുന്നവയുമാണു്. ഇവരണ്ടും എത്രമാത്രം ബലവത്താണോ അത്ര യും സമുദായത്തിനു് ഉൽക്കർഷമുണ്ടാകുമെന്ന തു് തീർച്ചയാണു്. എന്നാൽ ശാസ്ത്രത്തിൻെറ ആശ്ചര്യകരമായ പ്രതിഭാസങ്ങൾ അമ്പരപ്പു് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, സ്പുട്നിക്കു് യുഗത്തിലേക്കു് പിച്ചവെച്ചു് രുന്ന ഒരു മുസ്ലീം ബാലനു് ഇന്നത്തെ ലോ കത്തു് ജീവിക്കത്തക്ക ഒരു ബാലപാഠം നൽക വാൻ നമ്മുടെ അമ്മമാർക്കു് കഴിവുണ്ടോ? വ നിതകൾ സമുദായത്തിൽ ഇതെത്രകണ്ടു മാന്യമായും മഹനീയമായും നിർവ്വഹിച്ചിരു ന്നുവെന്നതിനു് ഉദാഹരണങ്ങൾ ധാരാളം ന മുക്കുണ്ടു്.

നമ്മുടെ മഹത്തായ ആ പാരമ്പര്യം എവി ടെപ്പോയി? നമ്മുടെ സ്ത്രീകൾ ഇരുട്ടറയിൽ ത പ്പിത്തടയുന്നുണ്ടു് "ഇന്നലെച്ചെയ്തൊരബദ്ധം ഇ ന്നത്തെ ആചാരമാക്കി" മാറാറിക്കൊണ്ടിരിക്ക കയല്ലേ. ഇതിൽനിന്നും ഒരു മോചനം ആവ ശ്യംവേണ്ടതാണെന്ന ബോധം സമുദായത്തി ലെ തല്പരവിഷയകമായി പ്രവർത്തിക്കുന്നവരിലു ണ്ടാകേണ്ടുന്ന കാലം വൈകിയിരിക്കുകയല്ലേ.

അന്ധവിശ്വാസവും അനാചാരവുമാണു് ഇ സ്ലാം ഏററവും വെറുക്കുകയും നശിപ്പിക്കുകയും ചെയ്തതു്, പക്ഷെ, നമ്മുടെ ഇടയിൽ അവ വ ർദ്ധിച്ചു് വർദ്ധിച്ചു് വരികയുണ്ടു്. നമ്മുടെ സ്ത്രീ കളിലാണിതു് അധികവും. കാര്യത്തിൻെറ കാ തലിലേക്കു് തറച്ചുനോക്കിയാൽ ജ്ഞാനമില്ലാ യ്മയാണു് ഈ ഭവിഷ്യത്തുകൾക്കു് കാരണ മെന്നു് കാണാൻ പ്രയാസമില്ല. അടുത്ത തല മുറയെങ്കിലും ആരോഗ്യത്തോടും ഉറച്ചവിശ്വാ സത്തോടുംകൂടി വളരണമെങ്കിൽ സ്ത്രീവിദ്യാഭ്യാ സം അനുപേക്ഷണീയമാണു്. സമുദായത്തി ലെ മാന്യനേതാക്കളായ പുരുഷന്മാരും സമുദായത്തി ലെ വിദ്യാസമ്പന്നരായ സ്ത്രീകളുടെയും പരിഗ ണനയുടെയും മത്സരബുദ്ധിയോടുകൂടിയുള്ള ഒരു നിവേദനം നടത്തുകയും ചെയ്യുന്നതു് ഇതു് നാം എത്ര യുംവേഗം ചെയ്യുന്നോ അത്രയും നല്ലതു്.

—0—

മുഹർറം

(3-ാംപേജിലെ ബാക്കി)

പ്പോലെ വീടും മുതലും ഭഗീരഥകൊടുത്തു സ്വീ കരിച്ച അൻസാരികളുടെയും സ്മരണ നില നിർത്തുകയും, സ്വന്തം കുടുംബങ്ങളെയും നാട്ടു കാരെയും സന്മാർഗ്ഗത്തിലേക്കു ക്ഷണിച്ചിതി ൻെറ ഫലമായി തന്നെ കുറവാളിയായി പി ത്രീകരിച്ച കുറൈശികളുടെ നേരെ സഹതാപ വും അടക്കാൻ വയ്യാത്ത ദുഃഖവിഷാദവു മായി അല്ലാഹുവിൻെറ ആജ്ഞപ്രകാരം മാതൃ രാജ്യത്തെ കയ്യൊഴിച്ചു്, മദീനാമുനവ്വറയിലേ ക്കു പൂട്ടുപഴുത്ത മണൽക്കാട്ടിൽകൂടി യാത്രചെ യ്യുന്ന മുഹമ്മദ് മുസ്തഫാ (സ)യുടെ ഹിജ്റായു ടെ സ്മരണകൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഇതായിരുന്നു ഖലീഫാ ഉമറി (റ) ൻെറ പ്രായം. അതിനോടു സഹാബിവര്യന്മാർ വി യോജിച്ചു. കൊല്ലം ഒന്നു ഹിജ്റായു രംഭിക്കാമെങ്കിലും മാസം ഏതു് കുറിയി യി സ്വീകരിക്കണമെന്നുള്ള പ്രശ്നം. ചിലർ യിരുന്ന റമളാനെത്തന്നെ അഭിപ്രായപ്പെട്ടു. മറേറചിലർ ഴിഞ്ഞ ആദ്യത്തെ മാസമായ മുഹർറത്തെ അ ഭിപ്രായപ്പെട്ടു. ഖലീഫ രണ്ടാമത്തെ അഭിപ്രാ യത്തോടു് യോജിച്ചതുകൊണ്ടു് സഹാബികൾ കൊല്ലാവർഷം സമ്മതമായി. ഇങ്ങിനെ ഉമർ ഖലീഫത്തിൽ, ഹിജ്റ പതിനേ ഴു (17) ജമാദുൽ ആഖിർ 20നു് ഇസ്ലാമിന്നു സുസ്ഥിരമായ കൊല്ലവർഷം ഹിജ്റാ വ മായി തീരുമാനിച്ചു.

ഹിജ്റാ വർഷാരംഭം കൃസ്തുവർഷാരം ലായി പതിനാറുമായി യോജിക്കുമെന്നു ക്കാക്കപ്പെട്ടിരിക്കുന്നു.

ഹിജ്റാ വർഷാരംഭമായ മുഹർറമാസ ൽ തന്നെയാണു് സംഭവബഹുലങ്ങളായ വധി ചരിത്രസംഗതികളും സംഭവിച്ചിട്ടുള്ള ഹസരത്തു് ഇബ്രാഹിം (അ) നംരൂദിൻെ ഗ്നിക്കുഴിയിൽനിന്നു രക്ഷപ്പെട്ടതും മൂസായും(അ) ഇസ്രായീൽ സന്തതികളും ഒരുനിൻെറ അക്രമത്തിൽനിന്നു രക്ഷപ്പെ ജിപ്പിൽനിന്നു സീനായിലേക്കു് കടന്നു പ്പെട്ടതും സീനായുടെയും ഇസ്രായീപ്പിൻെറ ടയിലുള്ള കടലിടുക്കിൽ (സൂയൈസിന്നു ഫിർഔനും സൈന്യങ്ങളും മുങ്ങിനശി തും ഹസ്രത്തു ഈസാ, ജനങ്ങളും ലോകാ മായ ജലപ്രവാഹത്തിൽനിന്നു രക്ഷപ്പെ ൽ ജൂദി മലയിൽ നിന്നതും (ഇതു് യായിലെ അറാറാത്തു പർവ്വതമാണെ യപ്പെടുന്നുണ്ടു്) തുടങ്ങിയ പലതും ത്തിലാണു് സംഭവിച്ചിട്ടുള്ളതെന്നു വിവരിക്കുന്നു.

മുസ്ലീം സമുദായത്തിൽ വലിയ പിനും പോരപൊരിച്ചലിനും ഹുസൈ (റ) ൻെറ വധവും ഈ ിൽതന്നെ സംഭവിച്ചതുകൊണ്ടു് ർക്കും ഒന്നുമുതൽ ദുഃഖമാചരിക്കുന നെനിന്നു (റ) വേണ്ടി ശ സന്ധ്യരാണെന്നുകാണിക്കു ങ്ങളും കാണിക്കുകയും സുന്നി നടപടികൾ ചെയ്യുകയും ചെയ്യു ത്തിലെ കക്ഷിയും പല യിരിക്കയാൽ മുഹർ ത്തെക്കുറിച്ചു് മുസ്ലീംലോകത്തി ന്നതായ